# പതിമൂന്നാം കേരള നിയമസഭ
## ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നമ്പർ: 474 — **1.7.2013**- ൽ മറുപടിക്ക്

## വിജിലൻസ് സംവിധാനം ദുരുപയോഗപ്പെടുത്തൽ

| **ചോദ്യം** | ഉത്തരം |
|---|---|
| ശ്രീ.ജി.സുധാകരൻ :<br>ശ്രീ.എം.എ.ബേബി :<br>ശ്രീ.സാജുപോൾ :<br>ശ്രീ.റ്റി.വി.രാജേഷ് : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ,<br>ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി. |
| (എ) വിജിലൻസ് സംവിധാനം ദുരുപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നതായി കേരള ഹൈക്കോടതി നിരീക്ഷിച്ചിട്ടുള്ളത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരമൊരു നിരീക്ഷണത്തിന് ഇടയാക്കിയ സാഹചര്യം എന്തായിരുന്നു; വിശദമാക്കാമോ; | (എ) കാസർഗോഡ് വിജിലൻസ് കേസ് നമ്പർ 1/2012 ( വി.സി.1/12/കെ.എസ്.ഡി ) ലെ പ്രതിയായ മുൻ മുഖ്യമന്ത്രിയും ഇപ്പോഴത്തെ പ്രതിപക്ഷനേതാവുമായ ശ്രീ.വി.എസ്.അച്ചുതാനന്ദൻ ഹൈക്കോടതിയിൽ കേസിന്റെ എഫ്.ഐ.ആർ റദ്ദാകണമെന്ന് ആവശ്യപ്പെട്ടുകൊണ്ട് സമർപ്പിച്ച ഹർജിയിൽ സിംഗിൾ ബഞ്ച് 6.12.2012 ന് ഉത്തരവ് പുറപ്പെടുവിക്കവേ ഇത്തരമൊരു പരാമർശം നടത്തിയായി അറിയാം. എന്നാൽ ഈ വിധി ഡിവിഷൻ ബഞ്ച് മുമ്പാകെ സമർപ്പിച്ച സർക്കാരിന്റെ അപ്പീൽ ഹർജിയിൽ സ്റ്റേ ചെയ്തിട്ടുള്ളതാകുന്നു. |
| (ബി) ഇപ്പോഴത്തെ മന്ത്രിമാരുടെ പേരിലുള്ള വിജിലൻസ് കേസുകൾ പുനരന്വേഷണവും തുടരന്വേഷണവും നടത്തി ഇല്ലാതാക്കാനും എഴുതിത്തള്ളാനും രാഷ്ട്രീയ എതിരാളികൾക്കെതിരെ നിരന്തരം കേസെടുക്കാനും വിജിലൻസിനെ ദുരുപയോഗം ചെയ്തു വരുന്നതായ ആക്ഷേപം സംബന്ധിച്ച് കോടതിയുടെ നിരീക്ഷണത്തിന്റെ പശ്ചാത്തലത്തിൽ സർക്കാർ എന്തു നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്? | (ബി) രാഷ്ട്രീയ എതിരാളികളെ നിശ്ശബ്ദരാക്കുന്നതിനുവേണ്ടി വിജിലൻസിനെ സർക്കാർ ഉപയോഗിക്കുന്നു എന്ന പരാമർശമാണ് സിംഗിൾ ബഞ്ചിന്റെ വിധിയിൽ ഉണ്ടായിരിക്കുന്നത്. എന്നാൽ വ്യക്തമായ തെളിവുകളുടെ അടിസ്ഥാനത്തിൽ മാത്രമാണ് വിജിലൻസ് ഡിപ്പാർട്ടുമെന്റ് കേസുകളുടെ അന്വേഷണം നടത്തുന്നത് . സർക്കാരിന്റെ അനാവശ്യ ഇടപെടലുകൾ ഒരു വിധത്തിലും വിജിലൻസിന്റെ പ്രവർത്തനത്തിൽ ഉണ്ടാകുന്നില്ല. നിയമാനുസരണമുള്ള നടപടികൾ മാത്രമാണ് വിജിലൻസ് ഡിപ്പാർട്ടുമെന്റ് നടത്തുന്നത്. സിംഗിൾബഞ്ച് വിധി, ഡിവിഷൻബഞ്ച് സ്റ്റേ ചെയ്തിട്ടുണ്ട്. |

സെക്ഷൻ ആഫീസർ